# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 202 04.10.2016- ൽ മറുപടിക്ക്

### "ജില്ലാ വ്യവസായ കേന്ദ്രങ്ങൾ"

**ചോദ്യം**

ശ്രീ.എൽദോസ് കുന്നപ്പിള്ളി

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

,, ഹൈബി ഈഡൻ

,, കെ.സി.ജോസഫ്

**ഉത്തരം**

ശ്രീ. ഇ.പി.ജയരാജൻ

(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ജില്ലാ വ്യവസായ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി ഏതുഘട്ടത്തിലാണ്; | എ) | ജില്ലാ വ്യവസായ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് പ്രത്യേക പദ്ധതി നിലവിലില്ല. എന്നാൽ വ്യവസായ സംരംഭകർക്ക് മികച്ച സേവനം ലഭിക്കുന്ന തരത്തിൽ കാലാനുസൃതമായി നവീകരണങ്ങൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. സംരംഭകർക്ക് ഓൺലൈൻ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| ബി) | ഓഫീസ് സംവിധാനം ഉൾപ്പെടെയുള്ളവ കാലാനുസൃതമായി നവീകരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | ബി) | ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകളും ഇൻഫർമേഷൻ കൗണ്ടറുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സംരംഭകർക്ക് ഓൺലൈൻ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| സി) | പുതിയ സംരംഭങ്ങൾക്ക് ഒരു മാസത്തിനുള്ളിൽ ലൈസൻസ് ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | സി) | സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആക്ട് അനുസരിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ തീരുമാനം കൈക്കൊള്ളുവാനായി ജില്ലാതലത്തിലും സംസ്ഥാന തലത്തിലുമുള്ള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. |

**സെക്ഷൻ ഓഫീസർ**